**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** **06-10-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) & (ബി)<br><br>കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വിവിധ ഖാദി ഉത്പന്നങ്ങളുടെ വിപണന പ്രചരണാർത്ഥം പ്രസാർഭാരതി, മറ്റ് വാർത്തചാനലുകൾ പത്ര-ആനുകാലികങ്ങൾ എന്നിവയിൽ നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 53,05,743/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കിൻഫ്ര, വിവിധ വ്യവസായ പാർക്കുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വിവിധ വാർത്തമാധ്യമങ്ങളിൽ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പരസ്യം നൽകിയതിന് 1,39,20,513/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റും ഹാന്റക്സും ഓണം, വിഷു, ക്രിസ്തുമസ്സ് കൈത്തറി മേളകളുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ വിവിധ ടെലിവിഷൻ ചാനലുകൾ എന്നിവയിൽ വിവര പൊതുജന സമ്പർക്ക വകുപ്പിലൂടെയും വിവിധ സ്വകാര്യ ഏജൻസികൾ മുഖേനയും നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 41,24,292/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ എന്ന സ്ഥാപനം ബാംബൂ ഫെസ്റ്റ്, ദേശീയ-അന്തർദേശീയ മേളകളിലെ പങ്കാളിത്തം, വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾ, മലബാർ ക്രാഫ്റ്റ് മേള, ഡ്രീം-വെസ്റ്റർ മത്സരം, വനിത സംരംഭക സംഗമം, പ്ലാന്റേഷൻ എക്സ്പോ, തീവ്ര വ്യവസായവത്കരണ പ്രവർത്തനം, സംരംഭക മഹാസംഗമം, പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് സ്കീം, ഒരു ലക്ഷം സൂക്ഷ്മ - ചെറുകിട – ഇടത്തരം സംരംഭങ്ങൾ, സോഷ്യൽ മീഡിയ |

| | | | |
|---|---|---|---|
| | | | കാമ്പയിൻ, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട നാഷണൽ സർട്ടിഫിക്കേഷൻ സെന്ററിന്റെ പ്രവർത്തനം എന്നിവയുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ നൂതന ഓൺലൈൻ മാധ്യമങ്ങൾ എന്നിവയിൽ വിവര പൊതുജന സമ്പർക്ക വകുപ്പിലൂടെയും നേരിട്ടും പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 4,53,46,656/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾ, വിവിധ വ്യവസായ പാർക്കുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ടെൻഡർ പരസ്യം, കാരവൻ ടൂറിസം, വ്യവസായ പാർക്കുകളുടെ ഉത്ഘാടനം, കെ-സിഫ്റ്റ്, സംരംഭക സംഗമം, പുതിയ വ്യവസായ നയത്തിന്റെ പ്രചാരം, കേരളീയം, എന്നിവയുമായി ബന്ധപ്പെട്ട് പത്ര-ആനുകാലികങ്ങൾ നൂതന ഓൺലൈൻ മാധ്യമങ്ങൾ എന്നിവയിൽ നേരിട്ട് പരസ്യം നൽകിയതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ 3,91,34,874/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പബ്ലിസിറ്റി/പരസ്യം/വിപണനം/ നിക്ഷേപ പ്രോത്സാഹനം തുടങ്ങിയ ചെലവുകൾ അതാത് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുകയ്ക്കുള്ളിൽ പരിമിതപ്പെടുത്തിയും ഭരണസമിതിയുടെ അംഗീകാരത്തോടെയും ആണ് വഹിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ